Mr. V. K. Aravindaksha Menon *(Chief Engineer):* There are a series of things and I cannot say off-hand, these things at question time.

മിസ്റ്റർ ടി. കെ. എൽ. കഞ്ഞുവറിതു": തിരുവിതാംകൂർ ഗവമ്മെണ്ടുമായി നടത്തിയ എഴുത്തുകത്തിൽ ഫെബ്രുവരി വ്വ-ാംന- വെള്ളംതരുവാൻ സാധിക്കുമെന്നുപറഞ്ഞിട്ടുള്ളതു ശരിയാണൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ സംഗതികളെപറ്റി കൂടുതലായി ഈ സമയത്തു" ഇവിടെ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ ജോസ" കെ വട്ടിസ്സ": ഈ ഒരു ഗവമ്മെണ്ടിനോടു" ചോദിക്കാൻവേണ്ടിയുള്ള താമസമല്ലെ? ഇങ്ങിനെ താമസിപ്പിച്ചുകൊണ്ടുപോയാൽ നമ്മുടെ ആവശ്യം നടക്കുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ വകകാര്യങ്ങളിൽ കുറച്ചുതാമസം നേരിടുന്നതാണു". കഴിയുന്നതും കാര്യങ്ങൾ അവസാനിപ്പാൻ നോക്കുന്നുണ്ടു".

Mr. P. K. Paul *(Chalakkudi):* Will the Government be pleased to expedite the correspondence and see that this kind of work is given priority since Chalakkudi river is the only river in the State with a perennial water supply?

Mr. V. K. Aravindaksha Menon *(Chief Engineer):* I do not catch the question.

SEA EROSION—CHELLANAM-MANASSERI

447. ചൌധരി ജി. എസ്സ". ധാരാസിംഗ": ബഹുമാനപ്പെട്ട ഗവമ്മെണ്ടു" താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി നൽകുമോ.—

(എ) ചെല്ലാനം മുതൽ മാനാശ്ശേരിവരെയുള്ള തീരപ്രദേശങ്ങൾ കടലാക്രമണത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ ഇക്കൊല്ലം എന്തെല്ലാം നടപടികൾ എടുത്തു";

(ബി) ഇക്കൊല്ലവും കടലാക്രമണംകൊണ്ടു പലേടത്തും നാശനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു" ഗവമ്മെണ്ടിന്നറിയാമോ;

(സി) അതിനു നിവാരണമാർഗ്ഗങ്ങൾ എന്തെങ്കിലും എടുത്തുവോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ചെല്ലാനം മുതൽ മാനാശ്ശേരിവരെയുള്ള തീരപ്രദേശങ്ങൾ കടലാക്രമണത്തിൽ നിന്നും രക്ഷിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കി. അതുപ്രകാരം പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ടു". ഈ കൊല്ലം ചെല്ലാനത്തു മൂന്നും, അണ്ടിക്കടവിൽ ആറും, മാനാശ്ശേരിയിൽ ഒന്നും ഗ്രോയിൻ പണികഴിഞ്ഞിട്ടുണ്ടു". ൻ ര ന്ന യൂണിറവ കരിങ്കല്ല ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടു".

(ബി) ഉവ്വു".

(സി) ഉവ്വു". കടലാക്രമണംകൊണ്ടു" അപകടത്തിലാകുമെന്നുകണ്ടു" വീടുകളും മറ്റും രക്ഷിക്കുവാനായി ഇപ്പോഴുള്ള കൽച്ചിറകളുടെ ഇടയിൽ ഒഴിഞ്ഞു കിടക്കുന്ന ഭാഗങ്ങളും കൽച്ചിറകളുംകൊണ്ടതന്നെ നികത്തുവാനും കൽച്ചിറകളുടെ മുൻഭാഗം കേടുപാടുകൾ തീർത്തു" ഉ അടിക്കുടി ഉയർത്തുവാനും ഉള്ള അടിയന്തിരപണികൾ നടത്തിവരുന്നുണ്ടു".

ചൌധരി ജി. എസ്സ". ധാരാസിംഗ": ഉത്തരം 'സി'യിൽ പറയുന്ന പ്രകാരമുള്ള പണികളെല്ലാം എത്രത്തോളം മുഴമിപ്പിച്ചിട്ടുണ്ടെന്നു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കേടുപാടുകളുള്ളതെല്ലാം തീർത്തു. രണ്ടടികൂടി ഉയർത്തുവാനുള്ള പണി ഇപ്പോൾ നടത്തിവരുന്നുണ്ടു".

മിസ്റ്റർ പി. ടി. ജേക്കബ്ബു" : ചെല്ലാനത്തു മൂന്നു ഗ്രോയിൻസുണ്ടു" എന്നു പറഞ്ഞു. അതിൽ ൭ ൦ ൦ അടിനീളമുള്ള ഏറവും വലിയ ഗ്രോയിന്റെ നടുഭാഗം മുഴുവൻ കടലിൽ ഒലിച്ചുപോയിട്ടുണ്ടെന്നു അറിയാമോ?

മിസ്റ്റർ. വി. കെ. അരവിന്ദാക്ഷമേനോൻ: ചില്ലറയായിട്ടു ചില കേടുകളുണ്ടെന്നു കേട്ടിട്ടുണ്ടു".

മിസ്റ്റർ പി. ടി. ജേക്കബ്ബു" : അതന്വേഷിച്ചിട്ടു ശരിയാണെന്നു കണ്ടാൽ വേണ്ട സംരക്ഷണപണി നടത്താമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നടത്താം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: ചെല്ലാനത്തു് നടത്തുന്നതു പോലെയുള്ള പണികൾ കൊടുങ്ങല്ലൂരിലും നടത്തുമോ?

Mr. President: What is the question?

Mr. V. K. Aravindaksha Menon *(Chief Engineer)*: His question is why work has not been started in Cranganur?

Mr. President: The Hon'ble Member has already put that question when the question of putting of groynes at Cranganur was taken. Therefore, I cannot allow him to put that question when we discuss the groynes at Chellanam and Manasseri.

മിസ്റ്റർ പി. ടി. ജേക്കബ്: ചെല്ലാനത്തെ പണിക്കു കൊണ്ടുവന്ന കല്ലുകൾ അണ്ടിക്കടവിൽ കൊണ്ടുപോയി പണിയുകയാണു് ചെയ്യുന്നതു്. ചെല്ലാനത്തു് അശേഷം ഇറക്കിയില്ല.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചെല്ലാനത്തു് വഷ്ക്കാലത്തു് മാത്രമേ കല്ലു പോകുവാൻ സാധിക്കയുള്ളൂ. സമയം ഒട്ടും കളയേണ്ടയെന്നു വിചാരിച്ചാണു് അതു് അണ്ടിക്കടവിലേക്കയച്ചതു്. ഇപ്പോൾ ചെല്ലാനത്തേക്കു കല്ലയക്കുന്നുണ്ടു്.

മിസ്റ്റർ പി. മാണി: വളരെ ചെറിയ കല്ലുകൾ വെച്ചു ചിറ പണിതതുകൊണ്ടല്ലേ ഒലിച്ചു പോയതു എന്നറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കല്ലൊന്നും ഒലിച്ചു പോയിട്ടില്ല.

മിസ്റ്റർ പി. മാണി: വലിയ കല്ലുകളുടെ കൂട്ടത്തിൽ ചെറിയ കല്ലുപയോഗിച്ചു ചിറ കെട്ടിയിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: എല്ലാ കല്ലുകളും ഒരു വലിപ്പമായിട്ടു ഇടേണ്ട ആവശ്യമില്ല.

മിസ്റ്റർ പി. മാണി: ചിറകെട്ടുവാൻ കൊള്ളാത്ത വളരെ കല്ലുകൾ തള്ളിക്കളഞ്ഞിട്ടുള്ളതായി ഡിപ്പാർട്ടുമെണ്ടിനറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്.

മിസ്റ്റർ പി. മാണി: തള്ളിക്കളഞ്ഞിട്ടുള്ള കല്ലുകൾ എത്രത്തോളമുണ്ടാകും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വളരെയുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്: ആ കല്ലുകളെല്ലാം പിന്നെയും ചിറ പണിയുന്നതിനു ഉപയോഗിക്കുന്നതായി അറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെ ചെയ്യാറില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: അങ്ങിനെ ചെയ്യുന്നുണ്ടോ എന്നന്വേഷിക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അന്വേഷിക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ പി. മാണി. ആ കല്ലു് ഉപയോഗിക്കരുതെന്നു കൺട്രാക്ടർക്കു കല്പനകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

മിസ്റ്റർ പി. ടി. ജേക്കബ്: ഉപയോഗിക്കരുതെന്നു കല്പന കൊടുക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചിറ നല്ലവണ്ണം ഉറപ്പിക്കുന്നതിനുവേണ്ടി കുറച്ചു ചെറിയ കല്ലു ഉപയോഗിക്കേണ്ടിവരും.

മിസ്റ്റർ പി. മാണി: തള്ളിക്കളഞ്ഞിട്ടുള്ള കല്ലു് പണിക്കു ഉപയോഗിക്കുവാൻ കല്പന കൊടുത്തിട്ടുണ്ടെന്നാണൊ പറയുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെ ഞാൻ പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: ചെല്ലാനത്തേക്കു വഷ്ക്കാലത്തു കുറെ കൂടുതൽ കല്ലു് അയക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അധികം അയക്കാം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവസാനമായിട്ടു എന്നാണു് ഈ പ്രദേശം സന്ദർശിക്കുവാൻ പോയതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കഴിഞ്ഞ കൊല്ലത്തിൽ പോയിട്ടുണ്ടു്?

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സാധാരണയായി ഒരു ഗ്രോയിൻ ഇട്ടാൽ എത്രനാൾ നിലനില്ക്കും?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ശരിക്കിട്ടാൽ എന്നും നിലനില്ലും. ഇപ്പോൾ എട്ടപത്തു കൊല്ലമായിട്ടുള്ള ഗ്രോയിൻസുണ്ട്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സാധാരണയായി ഗ്രോയിൻ കെട്ടുവാനുള്ള കല്ലിനു എത്ര വലിപ്പമുണ്ടായിരിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒന്നര അടിയുണ്ടാകും.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതിലും വലുതായ കല്ല് ഇടുവാൻ പാടില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിലും വലിയ കല്ലുകൾ കൊണ്ടുവരുന്നതിനു വളരെ ബുദ്ധിമുട്ടാണ്. ഒരു കല്ലിനു ആയിരം റാത്തൽ ഘനംവരും. അതു എടുത്തു കടൽതീരത്തിലേക്കു കൊണ്ടുവരുന്നതിനു ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് വലിപ്പം കുറച്ചിരിക്കുന്നതു.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതുയും ബുദ്ധിമുട്ടി വലിയ കല്ലുകൾ ഇട്ടാൽ വളരെനാൾ നിലനില്ക്കയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇപ്പോഴത്തെ കല്ലുകൊണ്ടു നല്ലവണ്ണം കെട്ടിയാൽ നിലനില്ലും.

K. I. JOSEPH—CLERK—DISTRICT MAGISTRATE'S COURT

448. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സഭയെ മറുപടി പറയുമോ,—

(എ) ഡിസ്ട്രിക്ട് മജിസ്ട്രേട്ട കോർട്ടിൽ ഇപ്പോൾ ക്ലാർക്കായി ജോലി നോക്കി വരുന്ന K. I. Joseph ക്ക് ഏറണാകുളം അസിസ്റ്റൻറ് സപ്ലൈ ആപ്പീസിലെ ഹെഡ് ക്ലാർക്കായി ജോലി നോക്കുകയുണ്ടായിട്ടുണ്ടോ;

(ബി) അന്നു നടത്തിയ ടിയാന്റെ കല്ല്യാണത്തിനു് അയാളുടെ അധികാരാതൃത്തിയിൽപെട്ട സപ്ലൈ റേഷൻ ഷാപ്പുകാരേയും റിട്ടെയിൽ ഷാപ്പുകാരേയും ക്ഷണിച്ചിരുന്ന വിവരം ഗവൺമെണ്ടിന്നറിയാമൊ;

(സി) മേല്പറഞ്ഞവരിൽനിന്നും ടി ജോസഫിനു് കിട്ടീട്ടുള്ള സാമാനങ്ങളും സാധനങ്ങളും പണവും എത്രയെന്നു് ഗവർമ്മെണ്ടിന്നറിയാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ചു എഴുതീട്ടുള്ള പത്രറിപ്പോർട്ടുകൾ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ വരികയുണ്ടായിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ:

(എ) ഇല്ല.

(ബി) അന്വേഷണത്തിൽ റേഷൻ ഷാപ്പുകാരേയും റിട്ടെയിൽ ഷാപ്പുകാരേയും ക്ഷണിച്ചിട്ടില്ല എന്നറിയുന്നു.

(സി) രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം കൊണ്ടു ഇതിനു് ഉത്തരം ആവശ്യമില്ല.

(ഡി) ഉണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഏതെല്ലാം പത്രങ്ങളിലാണ് ഇതിനെ സംബന്ധിച്ചു റിപ്പോർട്ടുകളുണ്ടായതു?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* There was a report about this in the "Sahodaran".

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ ക്ലാർക്ക് ഇവിടത്തെ സപ്ലൈ ആപ്പീസിലെ ഹെഡ് ക്ലാർക്കായിരുന്ന കാലത്തല്ലേ കല്ല്യാണം കഴിച്ചതു?

രാമവർമ്മതമ്പുരാൻ: ആയിരിക്കാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആ കല്ല്യാണം കഴിച്ചതിനുശേഷം അദ്ദേഹത്തെ ചാർജ്ജ് സ്ഥലംമാറുവാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ? റേഷൻ ഷാപ്പുകാരേയും റീടെയിൽ ഷാപ്പുകാരേയും ക്ഷണിച്ചിട്ടില്ല എന്നു പറഞ്ഞിട്ടുണ്ട്. ഇതിനെ സംബന്ധിച്ചു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അവർകൾ ഈ ക്ലാർക്കിനോടു് ....

Mr. President: What is the Hon'ble Member reading? Is he asking a question?

Mr. K. I. Velayudhan *(Ezhuvas-Talappalli):* My question is this. Will the Government be pleased to answer whether the District Magistrate has taken a statement from him to the effect that he has invited so many retail shop-owners for his marriage?

LIBRARY ARCHIVES Kerala Legislative Assembly